LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിച്ച 74 എം.എൽ.ഡി. ശേഷിയുള്ള ശുദ്ധീകരണശാല 2011 മുതൽ പൂർണ്ണശേഷിയിൽ പ്രവർത്തിച്ചുവരികയാണ്. ഇതുകൂടാതെ വട്ടിയൂർക്കാവ്, കുടപ്പനക്കുന്ന്, പൗഡിക്കോണം, മൺവിള, പോങ്ങുംമൂട് തുടങ്ങിയ സോണുകളിൽ ജലവിതരണ ടാങ്കുകൾ കമ്മീഷൻ ചെയ്ത് ജൈക്ക-ജൻറം പൈപ്പുകളിലെ ജലവിതരണം മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. കുടിവെള്ള വിതരണം ആരംഭിച്ച ചില സ്ഥലങ്ങളിൽ പി.വി.സി. പൈപ്പ് ലൈനുകളിൽ ജോയിന്റിൽ ലീക്കുകൾ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജപ്പാൻ-ജൻറം കുടിവെള്ള പദ്ധതിയുടെ കരാറുകൾ പ്രകാരം ഇത്തരത്തിലുള്ള ചോർച്ചകൾ പരിഹരിക്കേണ്ടത് കരാറുകാരുടെ ചുമതലയാണ്. പൈപ്പ് ലൈൻ കമ്മീഷൻ ചെയ്ത് നിശ്ചിത കാലയളവുവരെ കരാറുകാരാണ് അറ്റകുറ്റപ്പണികൾ നിർവ്വഹിക്കേണ്ടത്. ചോർച്ചമൂലം റോഡിനുണ്ടായ തകരാറുകൾ ശരിയാക്കുന്നതിനുള്ള തുക കരാറുകാരിൽനിന്ന് ഈടാക്കി ബന്ധപ്പെട്ട ഏജൻസിക്ക് നൽകുന്നതാണ്. ജൈക്ക - ജൻറം പദ്ധതിയുടെ കരാറുകാർ സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടത്തുന്നില്ലെങ്കിൽ ബന്ധപ്പെട്ട വാട്ടർ അതോറിറ്റി ഓഫീസിൽ നിന്ന് പണികൾ നടത്തി ജലവിതരണം സുഗമമാക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യം വളരെ ഗൗരവമായി എടുത്ത് നടപടി സ്വീകരിക്കുന്നതാണ്.

(22) ചിത്താരികടപ്പുറത്തെ കടലാക്രമണം

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : സർ, എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട അജാനൂർ പഞ്ചായത്തിൽ ചിത്താരികടപ്പുറത്ത് രൂക്ഷമായ കടലാക്രമണംമൂലം നിരവധി വീടുകൾ കടലെടുക്കുന്ന അവസ്ഥയിലാണ്. ഇപ്പോൾത്തന്നെ ഒരു വീട് പൂർണ്ണമായും കടലിൽ ഉൾപ്പെടുകയും 18 എണ്ണം തകർച്ചയുടെ വക്കിലുമാണ്. നൂറിലധികം തെങ്ങുകൾ കടപുഴകി വീഴുകയും 500 മീറ്ററോളം നീളത്തിൽ കര കടലെടുക്കുകയും ചെയ്തുകഴിഞ്ഞു. ഒരുഭാഗം കടലും മറുഭാഗത്ത് പുഴയുമായി നിൽക്കുന്ന ദ്വീപ് പോലുള്ള പ്രദേശത്താണ് ഇവിടത്തെ ആളുകൾ അധിവസിച്ചുവരുന്നത്. 640 ഓളം കുടുംബങ്ങൾ ഇവിടെ താമസിച്ചുവരികയാണ്. 500 മീറ്ററോളം ഇപ്പോൾ കടൽ കയറിക്കഴിഞ്ഞു ഇനി അവശേഷിക്കുന്ന ഏതാണ്ട് നൂറിലധികം മീറ്റർ മാത്രം വരുന്ന പ്രദേശമാണ് ഇവിടെ നിലനിൽക്കുന്നത്. തീരദേശത്ത് ശക്തമായ രീതിയിൽ കടൽഭിത്തി കെട്ടാൻ ഇനിയും താമസിച്ചാൽ അടുത്ത കാലവർഷം ആകുമ്പോഴേക്കും ദ്വീപ് പൂർണ്ണമായും ഇല്ലാത്ത അവസ്ഥയിൽ ചെന്നെത്തും. അത്രയേറെ ഗൗരവതരമായ വിഷയമാണ് അവിടെ നിലനിൽക്കുന്നത്. ഈ സാഹചര്യത്തിൽ, വീട് പൂർണ്ണമായി നശിച്ചവർക്കും ഭാഗികമായി വീടുകൾ

LIBRARY ARCHIVES Kerala Legislative Assembly

തകർന്നവർക്കും അതുപോലെ കടപുഴകി വീണ നൂറിലധികം തെങ്ങുകളുടെ ഉടമസ്ഥർക്കും നഷ്ടപരിഹാരം നൽകാനും, കടൽഭിത്തി നിർമ്മാണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിച്ച് ഈ ദ്വീപ് നിവാസികളെ രക്ഷിക്കുന്നതിനുമുള്ള ചുമതല സർക്കാർ ഏറ്റെടുക്കണമെന്നാണ് എന്റെ സബ്മിഷനിലൂടെ സൂചിപ്പിക്കാനുള്ളത്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, കാസർഗോഡ് ജില്ലയിലെ അജാനൂർ പഞ്ചായത്തിലെ ചിത്താരികടപ്പുറത്ത് രൂക്ഷമായ കടലാക്രമണം അനുഭവപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതിന്റെ ഫലമായി ഏതാനും വീടുകൾ തകർച്ചയുടെ ഭീഷണിയിലാണ്. കൂടാതെ നിരവധി തെങ്ങുകൾ കടപുഴകി വീഴുന്ന അവസ്ഥയിലുമാണ്. ശക്തമായ കടലാക്രമണംമൂലം ഈഭാഗത്ത് കരയിടിച്ചിൽ രൂക്ഷമാണ്. കിഴക്കുഭാഗം ചിത്താരിപുഴയും തെക്കും പടിഞ്ഞാറും ഭാഗങ്ങളിൽ കടലുമായി സ്ഥിതിചെയ്യുന്ന ദ്വീപ് പ്രദേശമായതിനാൽ ജനങ്ങളുടെ സ്വത്തിനും ജീവനും ഭീഷണി നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രണ്ടര കിലോമീറ്റർ നീളമുള്ള ചിത്താരി കടപ്പുറത്തെ കടലാക്രമണം തടയുന്നതിനായി മേൽപ്പറഞ്ഞ ഭാഗങ്ങൾ ഉൾപ്പെടെ അത്യാവശ്യമായി ഒരു കിലോമീറ്റർ നീളത്തിൽ പുതിയ കടൽഭിത്തി നിർമ്മിക്കുന്നതിനായി 595 ലക്ഷംരൂപയുടെ ഡി.പി.ആർ. ആർ.ഐ.ഡി.എഫ്. 20-ൽ ഉൾപ്പെടുത്താൻ നബാർഡ് തയ്യാറാക്കിയിട്ടുണ്ട്. നബാർഡിൽ നിന്ന് ധനസഹായം ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തികൾ എത്രയുംവേഗം ഏറ്റെടുക്കുന്നതാണ്.

(23) മുനയം റഗുലേറ്റർ നിർമ്മാണം

ശ്രീമതി ഗീതാ ഗോപി : സർ, എന്റെ നിയോജക മണ്ഡലത്തിലെ കരിവന്നൂർ പുഴയ്ക്ക് കുറുകെയുള്ള മുനയം റഗുലേറ്റർ നിർമ്മിക്കുന്നതിന് 1-10-2013-ലെ ജി.ഒ. (ആർടി.) നമ്പർ 1066/11 ഡബ്ല്യു.ആർ.ഡി. ഉത്തരവ് പ്രകാരം 21.75 കോടി രൂപ അനുവദിച്ചിട്ടുണ്ടായിരുന്നു. ഇതുസംബന്ധിച്ച് ഉത്തരവ് ഇറങ്ങി 9 മാസമായെങ്കിലും റഗുലേറ്റർ നിർമ്മിക്കുന്നതിന് ഇതുവരെ സാങ്കേതികാനുമതി ലഭിച്ചിട്ടില്ല. റഗുലേറ്ററിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് ഭൂമി സർവ്വേ നടത്തി ആവശ്യമായിവരുന്ന സ്ഥലത്തിന്റെ വിലകൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണമെന്നാണ് ഔദ്യോഗിക വിശദീകരണം. ഞാൻ പലതവണ കത്ത് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ജലവിഭവ വകുപ്പ് സെക്രട്ടറി വിളിച്ചുചേർത്ത യോഗതീരുമാനം അനുസരിച്ചുള്ള നടപടികൾ എവിടംവരെ എത്തിയെന്നും വ്യക്തമല്ല. 2-11-2009-ൽ 6.50 കോടിരൂപ